പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.4279

**24.06.2019 -ലെ മറുപടിയ്ക്ക്**

## ഐ.ടി മേഖലയിലെ ജീവനക്കാർക്ക് സേവന-വേതന സംരക്ഷണം

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി : | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) ഐ.ടി. മേഖലയിലെ പല കമ്പനികളും ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) ഐ.ടി. മേഖലയിലെ കമ്പനികൾ ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത മേഖലയിൽ എത്ര ജീവനക്കാരാണ് പ്രവർത്തിക്കുന്നത്; | ബി) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 977 സ്ഥാപനങ്ങളിലായി 72973 ജീവനക്കാർ ജോലി ചെയ്യുന്നു. |
| സി) ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതനം ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു സംബന്ധിച്ച് തെളിവെടുപ്പിനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. |
| ഡി)പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ സേവന-വേതന സംരക്ഷണത്തിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ശക്തമായ ഇടപെടൽ നടത്തുമോ ; വിശദമാക്കുമോ? | ഡി) ടി മേഖലയിലെ ജീവനക്കാരുടെ സേവന വേതന സംരക്ഷണത്തിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. 2019-ൽ നാളിതുവരെ 23 സ്ഥാപന പരിശോധനകൾ നടത്തുകയും കണ്ടെത്തിയ തൊഴിൽ നിയമലംഘനങ്ങൾ പരിഹരിക്കാത്തതിനാൽ 4 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

Sreelal

**സെക്ഷൻ ഓഫീസർ**